# സിവിൽ സമൂഹം ശക്തിപ്പെടണം

**കെ. വേണു**
**രാഷ്ട്രീയനിരീക്ഷകൻ**

**1**. നമ്മുടേതുപോലെയുള്ള ജനാധിപത്യത്തിൽ നാടിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ തെരഞ്ഞെടുപ്പുകൾക്ക് വലിയ പങ്കുണ്ട്. ജനങ്ങൾ ഉദ്ദേശിക്കുന്ന തരത്തിൽ ഭാവി വികസിതമാകുന്നില്ല എന്നതാണ് മാത്രമാണ് പ്രശ്നം. തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള പദ്ധതികളൊന്നും മുന്നണികൾ അവതരിപ്പിക്കുന്നില്ല. താത്കാലിക ആവശ്യങ്ങളെ മുൻ നിർത്തിയുള്ള പ്രകടനപത്രികകളാണ് രാഷ്ട്രീയ കക്ഷികൾ പുറത്തിറക്കുന്നത്. അതും നടപ്പിലാക്കണമെന്നുള്ള നിർബന്ധം അവർക്കില്ല. എന്നാലും തെരഞ്ഞെടുപ്പ് തന്നെയാണ് നയരൂപീകരണത്തിനുള്ള ഏക മാർഗ്ഗം.

**2**. അത് ഒരു അജണ്ടയുടെ പ്രശ്നമല്ല. മാധ്യമങ്ങളുടെ സ്വഭാവത്തിലെ അപചയമാണ് അതിന് കാരണം. മാധ്യമങ്ങൾക്ക് താത്കാലിക വാർത്തകളാണ് മൂല്യമുള്ളത്. ദീർഘകാലത്തേക്ക് നടത്തേണ്ട ചർച്ചകൾക്കൊന്നും അവർ സ്ഥാനം നൽകുന്നില്ല. നയപരമായ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നത് സൻസേഷണൽ മൂല്യമില്ലാത്തതുകൊണ്ട് അവർ ഉപേക്ഷിക്കുന്നു. തീർച്ചയായും അടിസ്ഥാന വിഷയങ്ങളിൽ നയപരമായ ചർച്ചകൾ മാധ്യമങ്ങൾ നടത്തേണ്ടതുണ്ട്.

**3**. ജനപ്രതിനിധി ജനങ്ങളോടൊപ്പം തന്നെ നിൽക്കണം. പക്ഷെ നമ്മുടെ സംവിധാനത്തിൽ അവർക്ക് അതിനുള്ള സ്വാതന്ത്ര്യമില്ല. രാഷ്ട്രീയകക്ഷികൾ സീറ്റ് നൽകുന്നതുകൊണ്ട് മാത്രമാണ് അവർക്ക് ജനപ്രതിനിധികളാകാൻ കഴിഞ്ഞത്. രാഷ്ട്രീയകക്ഷികൾ ജനങ്ങൾക്ക് എതിരായ നിലപാടെടുത്താൽ സ്വാഭാവികമായും അവർ പിന്തുണയ്ക്കുന്ന ജനപ്രതിനിധിയും അതിനൊപ്പം നിൽക്കും. രാഷ്ട്രീയകക്ഷികൾ ജനങ്ങൾക്കൊപ്പം നിൽക്കുകയാണ് അതിന് പരിഹാരം. അല്ലെങ്കിൽ കക്ഷിരാഷ്ട്രീയത്തിന് മുകളിൽ ജനങ്ങൾക്ക് അധികാരം വരുന്ന ഒരു സംവിധാനമുണ്ടാകണം.

**4**. ജനപ്രതിനിധികളുടെ പ്രവർത്തനം തീർച്ചയായും വിലയിരുത്തപ്പെടണം. മാധ്യമങ്ങളുടെ സഹായത്തോടെ അത് ചെയ്യാവുന്നതാണ്. തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്ക് നൽകുന്ന സംവിധാനം ഇന്ത്യയിൽ നടപ്പിൽ വരുത്താൻ പ്രയാസമാണ്. തെരഞ്ഞെടുപ്പ് പോലെതന്നെ ചെലവേറിയ ഒരു പരിപാടി അതിനായി നടത്തേണ്ടിവരും. മറ്റേതെങ്കിലും തരത്തിൽ അത് സാധ്യമാണോ എന്ന് പരിശോധിക്കണം.

**5**. പരിസ്ഥിതി-സാമൂഹിക വിഷയങ്ങൾ സജീവമായി തെരഞ്ഞെടുപ്പിൽ ഉന്നയിക്കപ്പെടണം. വ്യാപകമായ പ്രചാരണം അതിന് കൊടുക്കാൻ ജനങ്ങൾക്ക് കഴിയണം. ജനങ്ങളുടെ ഭാഗത്ത് നിന്നും സമ്മർദ്ദമുണ്ടായാൽ മാത്രമെ അത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിൽ ഉന്നയിക്കപ്പെടുകയുള്ളൂ. വ്യാവസായിക മലിനീകരണത്തിന്റെ പ്രശ്നം വ്യവസായത്തിന് വേണ്ടിവരുന്ന മൂലധനത്തിന്റെ ഭാഗമായി തന്നെ പരിഹരിക്കാനുള്ള സംവിധാനം മറ്റ് രാജ്യങ്ങളിൽ നിലവിലുണ്ട്. നമ്മുടെ രാഷ്ട്രീയക്കാരും അതിനെക്കുറിച്ച് ചിന്തിക്കണം. ഇലക്ഷൻ ബഹിഷ്കരണമാണ് മറ്റൊരു സാധ്യത. നിലപാട് പറയാത്തവർക്ക് വോട്ട് ചെയ്യില്ല എന്ന ചിന്താഗതി വ്യാപകമാക്കണം.

**6**. നിലവിൽ പൊതുസമൂഹത്തിന് അതിനുള്ള അർഹതയില്ല. രാഷ്ട്രീയനേതൃത്വത്തിന് മുകളിൽ സമ്മർദ്ദം ചെലുത്താൻ കഴിയുന്ന ഒരു പൊതുസമൂഹം കേരളത്തിലില്ല. സിവിൽ സമൂഹത്തിൽ നിന്നാണ് അത്തരം മുന്നേറ്റങ്ങൾ ഉണ്ടാകേണ്ടത്. രാഷ്ട്രീയ പാർട്ടികൾക്ക് പുറത്തുള്ള ഒരു സിവിൽ സമൂഹം കേരളത്തിൽ വളരെ ദുർബലമാണ്. വോട്ട്ബാങ്ക് സമൂഹമാണ് ഇവിടെ നിലനിൽക്കുന്നത്.

**7**. പലഗ്രൂപ്പുകളും സംഘടനകളും ഒരുമിച്ച് നിൽക്കുകയാണ് ഈ സങ്കൽപ്പത്തിന് തെരഞ്ഞെടുപ്പിൽ സ്ഥാനമുണ്ടാകാൻ ചെയ്യേണ്ടത്.

**8**. സാമൂഹികനീതി കേരളീയ സമൂഹത്തിൽ ഉറപ്പാക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. പ്രാഥമികമായ എല്ലാ ജീവിതസംവിധാനവും പൊതുജനങ്ങൾക്ക് ഉറപ്പാക്കുകയാണ് സാമൂഹിക നീതികൊണ്ട് ഉദ്ദേശിക്കുന്നത്. സാമ്പത്തികമേഖലയിലും അധികാര സംവിധാനത്തിലും എന്തെല്ലാം മാറ്റങ്ങളുണ്ടാക്കിയാലാണ് സാമൂഹികനീതി സാധ്യമാകുന്നതെന്ന് തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യണം.

കാർഷിക-വ്യാവസായിക മേഖലകളുടെ ക്രമീകരണം എങ്ങിനെ വേണം എന്ന് തീരുമാനിക്കാനുള്ള ചർച്ചകളും നടത്തണം. പരിസ്ഥിതിക്ക് ദോഷം വരാത്തതരത്തിലുള്ള വികസനം ഏത് തരത്തിലാകണമെന്നും ചർച്ച ഉയർന്നുവരണം.